# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1244** **10.08.2017-ന് മറുപടിയ്ക്ക്**

**അങ്കമാലി-കൊറ്റനാട് കുടിവെള്ള പദ്ധതിക്ക് സ്ഥലം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) അങ്ങാടി-കൊറ്റനാട് കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണപ്ലാൻറ് സ്ഥാപിക്കുന്നതിന് നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അനുമതിയ്ക്കുള്ള അപേക്ഷ എന്നാണ് ലഭിച്ചത്; ഇതിനുള്ള അനുമതി ഉത്തരവ് നൽകിയിട്ടുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ഇനിയും എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്;<br><br>(ഡി) അടിയന്തിരമായി ഈ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും (ഡി) യും | അങ്ങാടി-കൊറ്റനാട് കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണപ്ലാൻറ് സ്ഥാപിക്കുന്നതിന് പെരുമ്പെട്ടി വില്ലേജിലെ റീ സർവ്വേ നമ്പർ 266/4, 266/5 എന്നിവയിലുൾപ്പെട്ട 1 ഏക്കർ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുത്ത് നൽകുന്നതിന് കൊറ്റനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ 17/06/2016-ൽ ലഭിച്ചിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എയുടെയും കൊറ്റനാട് ഗ്രാമപഞ്ചായത്ത് അധികാരികളുടെയും സാന്നിദ്ധ്യത്തിൽ 15/6/16-ൽ ചേർന്ന യോഗം, സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ വാങ്ങുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. 17/06/2016-ൽ ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപോസൽ 10/05/2017-ൽ കൂടിയ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്ഥലം വാങ്ങുന്നതിന് 01/06/2017-ലെ സ.ഉ (ആർ.റ്റി)നം. 2511/2017/റവ പ്രകാരം അനുമതി നൽകുകയുണ്ടായി. വില നിശ്ചയിക്കുന്നതിന് ആവശ്യമായ റിക്കാർഡുകൾ തയ്യാറാക്കി നൽകുന്നതിന് 17/06/2017-ൽ ലാന്റ് അക്വിസിഷൻ ഓഫീസർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊന്നുംവില ഓഫീസിൽ നിന്നും വിലനിർണ്ണയ റിക്കാർഡുകൾ ലഭിച്ച് ജില്ലാ കളക്ടർ സ്ഥലം പരിശോധിച്ച് ജില്ലാതല ഭൂമിവാങ്ങൽ കമ്മിറ്റി ചേർന്ന് വില നെഗോഷ്യേറ്റ് ചെയ്ത് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥലവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) സ്ഥലത്തിന് നൽകാനുള്ള വില ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടും സർക്കാർ ഉത്തരവ് വൈകുന്നതുമൂലം പദ്ധതിയുടെ നിർവ്വഹണം അനന്തമായി നീണ്ടു പോകുന്നതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ തലങ്ങളിൽ ഉണ്ടായിട്ടുള്ള കാലതാമസം സംബന്ധിച്ച വിശദീകരണം സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ